LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകളിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ

160 [165] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പ്രവർത്തിക്കുന്ന പരിശീലന ശാലകൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ ഇവയുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും സ്ഥാപനങ്ങളുടെ പേരു വിവരവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗങ്ങൾക്ക് മാത്രമായി പ്രത്യേക പരിശീലന സ്ഥാപനങ്ങളില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 4 പരിശീലന കേന്ദ്രങ്ങൾ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ സ്റ്റെനോഗ്രാഫി കോഴ്സ്, കമ്പ്യൂട്ടർ കോഴ്സ്, കെ.പി.എസ്.സി., യു.പി.എസ്.സി.എന്നിവ നടത്തുന്ന വിവിധ മത്സരപ്പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലന കോഴ്സുകൾ, ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് എന്നിവ നടത്തുന്ന പരീക്ഷകൾക്കുള്ള പരിശീലന ക്ലാസുകൾ തുടങ്ങിയവ നടത്തി വരുന്നുണ്ട്. പരിശീലനാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു.

കൂടാതെ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസസ് പരീക്ഷകൾക്കുള്ള പരിശീലനവും നൽകി വരുന്നുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പട്ടികേതര വിഭാഗങ്ങൾക്കായി 10% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ല: (1) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, കുന്നുംപുറം, തിരുവനന്തപുരം.

(2) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, പി.റ്റി.പി. നഗർ, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ല: പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, എസ്. ആർ. എം. റോഡ്, കലൂർ, കൊച്ചി.

കോഴിക്കോട് ജില്ല: പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, ചെറുട്ടി റോഡ്, കോഴിക്കോട്.

പാലക്കാട് ജില്ല: പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, കുഴൽമന്ദം.

പ്രീ മെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം

161 [166] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകളാണ് സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്;

(ബി) വാടക കെട്ടിടങ്ങളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 38 എണ്ണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 69 എണ്ണവും സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 52 എണ്ണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 40 എണ്ണവും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) അധികാര വികേന്ദ്രീകരണത്തെത്തുടർന്ന് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ചുമതല ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയിട്ടുള്ളതിനാൽ സ്വന്തമായി കെട്ടിടമില്ലാത്ത പ്രീ-മെട്രിക് ഹോസ്റ്റലുകൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്വന്തമായി കെട്ടിടമില്ലാത്ത പ്രീ-മെട്രിക് ഹോസ്റ്റലുകൾക്ക് ആവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങി സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.